# മഹാത്മാഗാന്ധി സർവ്വകലാശാല

**ലാലപ്പൻ സി.ആർ.**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9207291798

പി.ആർ.ഒ./39/146/2018 2018 ജൂലൈ 7

## പത്രക്കുറിപ്പ്

**പുതുക്കിയ പരീക്ഷാ തീയതി**

ജൂലൈ 10ന് ആരംഭിക്കുവാൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.കോം (സി.എസ്.എസ് - 2016 അഡ്മിഷൻ റഗുലർ/2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) മെയ്/ജൂൺ 2018 പരീക്ഷയുടെ വൈവാവോസി ജൂലൈ 20 മുതൽ നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ**

അഞ്ചാം സെമസ്റ്റർ എം.സി.എ. (506 - കമ്പ്യൂട്ടർ ഗ്രാഫിക്സ് ലാബ് (Using Open GL)) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 16 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**ബി.എസ്.സി. ഫൈനൽ റാങ്ക് ലിസ്റ്റ്**

2010 മാർച്ച് മാസത്തിൽ നടത്തിയ അവസാന വർഷ ബി.എസ്.സി. (ഗ്രൂപ്പ് XIII - ബയോളജിക്കൽ ടെക്നിക്സ് ആന്റ് സ്പെസിമെൻ പ്രിപ്പറേഷൻ മെയിൻ) പരീക്ഷയുടെ ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ആലുവ യു.സി. കോളേജിലെ അശ്വതി വിശ്വനാഥൻ, ലിമി ആർ. വിശ്വനാഥൻ, റഫീഖ് സി.എം. എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

**മാതൃകാ ഓൺലൈൻ ട്രാൻസ്മിഷൻ**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ജൂലൈ 16ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബിരുദാനന്തര ബിരുദ (സി.എസ്.എസ്.) പരീക്ഷയുടെ മുന്നോടിയായി ജൂലൈ 11ന് ഉച്ചയ്ക്ക് ഒരു മണിക്ക് മാതൃകാ ഓൺലൈൻ ചോദ്യപേപ്പർ ട്രാൻസ്മിഷൻ നടത്തും. കോളേജ് പ്രിൻസിപ്പൽമാർ ട്രയൽ റണ്ണിനുവേണ്ട സജ്ജീകരണങ്ങൾ ക്രമീകരിക്കേണ്ടതാണ്. എന്തെങ്കിലും പിഴവ് ശ്രദ്ധയിൽപ്പെട്ടാൽ സർവ്വകലാശാലാതലത്തിൽ പരിഹാരം കാണേണ്ട കാര്യത്തിൽ ഉടൻതന്നെ രേഖാമൂലം അസിസ്റ്റന്റ് രജിസ്ട്രാർ XXI (പരീക്ഷ)നെ അറിയിക്കേണ്ടതാണ്. പ്രിൻസിപ്പലിന്റെ ഐഡി, മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം എന്നിവയ്ക്ക് വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ അത് രേഖാമൂലം ജൂലൈ 10ന് രാവിലെ 11 മണിക്ക് മുൻപായി അസിസ്റ്റന്റ് രജിസ്ട്രാർ XXI (പരീക്ഷ)നെ അറിയിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഹെൽപ്പ്ലൈൻ നമ്പരുകൾ : 0481 - 2731011, 2733470, 2733471, 2733467, 2733528. ഇമെയിൽ: ar21exams@mgu.ac.in. എല്ലാ ബിരുദാനന്തര ബിരുദ (സി.എസ്.എസ്.) പരീക്ഷാകേന്ദ്രങ്ങളുടെയും പ്രിൻസിപ്പൽമാർ വീഴ്ച കൂടാതെ മാതൃകാ ഡൗൺലോഡിംഗ് പ്രോഗ്രാമിൽ പങ്കെടുക്കേണ്ടതാണ്.

**പരീക്ഷാഫലം**

2016 നവംബർ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ, 2017 മെയ് മാസം നടത്തിയ രണ്ടാം സെമസ്റ്റർ, 2017 ഒക്ടോബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ ബി.പി.ഇ. (സി.ബി.സി.എസ്.എസ്. മോഡൽ - 3) പരീക്ഷകളുടെ ഫലങ്ങൾ പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 20 വരെ അപേക്ഷിക്കാം.

2017 ആഗസ്റ്റ് മാസത്തിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.എ. മോഡൽ II (പാർട്ട് II - മലയാളം - മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 17 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**